# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1957** **15.07.2016-ൽ മറുപടിക്ക്**

**മാറക്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | **മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മാറക്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മാറക്കര പഞ്ചായത്ത് ഉൾപ്പെടുന്ന തിരുനാവായയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ കുടിവെള്ള ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയായി കമ്മീഷൻ ചെയ്തു. മാറക്കര പഞ്ചായത്തിലേയ്ക്കുള്ള വിതരണ ശൃംഖലയുടെ നിർമ്മാണ പ്രവൃത്തി നടന്നു വരുന്നു. മൊത്തം 71.73 കിലോമീറ്ററിൽ 20 കിലോമീറ്റർ പ്രവൃത്തി പൂർത്തിയായി. ബാക്കി വരുന്ന പ്രവൃത്തി 2017 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| ബി ഇവിടുത്തെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായിട്ടുള്ള പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ? | ബി മേൽപ്പറഞ്ഞ വിതരണ ശൃംഖലയുടെ നിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ മാറക്കര പഞ്ചായത്ത് ഉൾപ്പെട്ട തിരുനാവായയും അനുബന്ധ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം ഉൾപ്പെട്ട 5932.19 കോടി രൂപയുടെ 92 പ്രൊപ്പോസലുകൾ അടങ്ങിയ കരട് പദ്ധതി (കോംപ്രിഹെൻസീവ് ഡിസ്ട്രിക്ട് പ്ലാൻ (സി.ഡി.പി) വിദേശ നിക്ഷേപ സഹായത്തിനായി) സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ